B

612

വിദ്യാഭ്യാസ അവകാശം

സർവ ശിക്ഷാ അഭിയാൻ

സർവരും പഠിക്കുക സർവരും വളരുക

# വാർഷിക മൂല്യനിർണയം 2017-18

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ്സ് : 6 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
- ആകെ ആറ് ചോദ്യങ്ങളാണ് ഉള്ളത്. ഇതിൽ അഞ്ചെണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.

**പ്രവർത്തനം 1 - വിശകലനക്കുറിപ്പ്**

അടുക്കളയിലെ പാത്രങ്ങൾ കഴുകിക്കമഴ്ത്തി, തൂത്തു തുടച്ചപ്പോൾ അക്കമ്മ ചോദിച്ചു

"അമ്മാ..... ഞാൻ തേങ്ങായ് പെറുക്കികൂട്ടട്ടെ" ! ?

"ഓ.... പിന്നെയാവാം! നല്ല മഴ വരണ്ണ്ട് നിനക്ക് വേണമെങ്കിൽ അടുക്കളയിൽ നിന്ന് ഒരു തേങ്ങാപൂള് എടുത്ത് തിന്നോ!"

എ : ഇങ്ങനെ പറഞ്ഞപ്പോൾ വീട്ടമ്മയുടെ മനസ്സിലിരുപ്പ് എന്തായിരുന്നു. സന്ദർഭം വിശകലനം ചെയ്ത് ഒരു കുറിപ്പ് തയാറാക്കൂ.

ബി : ചുവടെ കൊടുത്തിരിക്കുന്നവയിൽ പി.വത്സലയുടേതല്ലാത്ത കൃതിയേത്?

(ആദിജലം, കൂമൻകൊല്ലി, വീടുമാറ്റം)

**പ്രവർത്തനം 2 - പ്രതികരണക്കുറിപ്പ്**

എ) : നട്ടുച്ച വെയിലത്തും കൊടും മഞ്ഞത്തും കൃഷിനിലത്തിൽ പണിയെടുക്കുമ്പോൾ കർഷകരുടെ ആഹ്ലാദത്തിന് ഒരു കുറവും വന്നിരുന്നില്ല.' ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഇന്നത്തെ കർഷകന് കൃഷി ആഹ്ലാദകരമായ അനുഭവമാണോ? എല്ലാവരും ഇന്ന് കൃഷി ചെയ്യാൻ ഇഷ്ടപ്പെടുന്നോ? 'പുഞ്ചകൊയ്തേ കളം നിറഞ്ഞേ' എന്ന പാഠഭാഗത്തിലെ ആശയം കൂടി പരിഗണിച്ച് ഒരു പ്രതികരണക്കുറിപ്പ് തയാറാക്കൂ.

ബി) പൂവിട്ടിടത്ത് പൂമാറ്റുന്ന ചടങ്ങിൽ നിർബന്ധമായും ഉപയോഗിച്ചിരുന്ന ഒരു പലഹാരം

(പാലട, അരിയട. പൂവട)

**പ്രവർത്തനം 3 - അനുഭവക്കുറിപ്പ്**

"ചീറുന്നു കാറ്റടിഞ്ഞേറുന്നു കാറുകൾ
ചാറുന്നു പെയ്യുന്നു കാലവർഷം
ഇമ്മഴവെള്ളത്തിൽപ്പുൽകളാൽ നിർമ്മിച്ച
നമ്മൾതൻ വഞ്ചികൾ ചാഞ്ചാടട്ടേ"

എ) മഴയനുഭവം എല്ലാവരിലും സന്തോഷം ജനിപ്പിക്കുന്നതാണ് മുകളിലെ വരികളിൽ കാലവർഷം വരുമ്പോൾ കുട്ടികൾക്കുണ്ടാകുന്ന സന്തോഷം എങ്ങനെയാണ് പ്രതിപാദിച്ചിരിക്കുന്നത്?

സ്വാനുഭവം കൂട്ടിച്ചേർത്ത് ഒരു കുറിപ്പ് തയാറാക്കൂ.

ബി) ചുവടെ കൊടുത്തിരിക്കുന്നവയിൽ 'കളിയ്ക്കുക' എന്ന അർത്ഥം വരാത്ത പ്രയോഗം.

(കൂത്താടുക, ലീല, വേല)

## പ്രവർത്തനം 4 - ജീവചരിത്രക്കുറിപ്പ്




തന്നിരിക്കുന്ന സൂചനകൾ കൂടി പരിഗണിച്ച് ജീവചരിത്രക്കുറിപ്പ് തയാറാക്കൂ....

## പ്രവർത്തനം 5 - വിലയിരുത്തൽക്കുറിപ്പ്

ഗാന്ധിജിയുടെ വാക്കുകൾ പാഴ്വാക്കുകളായില്ല. കൈപ്പത്തിക്കുള്ളിലെ ഒരുപിടി ഉപ്പു സംരക്ഷിക്കാൻ വേണ്ടി അഭിമാനിയായ ഇന്ത്യാക്കാരൻ പോലീസിനു തച്ചു തകർക്കാൻ തലമണ്ട നീട്ടിക്കൊടുത്തു. വെടിവയ്ക്കാൻ വിരിമാറ് കാട്ടി. മർദ്ദനമേറ്റ് ബോധമില്ലാതെ നിലം പതിക്കുമ്പോഴും ഉപ്പിൻതരികൾ ചിതറിപ്പോകാതിരിക്കാൻ മുഷ്ടി നെഞ്ചോടമർത്തിപ്പിടിച്ചു. സ്വാതന്ത്ര്യസമരഭടന്റെ മുഷ്ടിക്കുള്ളിലെ ഉപ്പ് അജയ്യതയുടെ പ്രതീകമായി മാറി.

ഗാന്ധിജിയുടെ സ്വാതന്ത്ര്യസമരരീതികളെ മുൻനിർത്തി ഒരു കുറിപ്പ് തയാറാക്കുക.

## പ്രവർത്തനം 6 – ആസ്വാദനക്കുറിപ്പ്

സ്വാതന്ത്ര്യത്തിന്റെ മാധുര്യത്തെ അവതരിപ്പിക്കുന്ന കവിതയാണ് ബാലാമണിയമ്മയുടെ 'ബാലലീല'. കവയിത്രിയുടെ തന്നെ മറ്റൊരു കവിതയാണ് ഇവിടെ നൽകിയിരിക്കുന്നത്.

**കളിക്കൊട്ട**

അന്നുഷസ്സിലതിഥിയായ്ത്തൻ വീട്ടിൽ
വന്നൊരക്കൊച്ചു തോഴിക്കു കാണിക്കാൻ,
ഉണ്ണി, മച്ചിലേയ്ക്കോടി ശ്രമാൽ കൊണ്ടു
വന്നു വാരുറ്റ തൻ കളിക്കൊട്ടയെ
സാവധാനമെടുത്താനതിൽ നിന്നു
സാഭിമാനം നിലത്തു നിരത്തിനാൻ
പാവകൾ, ചെറുപന്തുകൾ, ചമ്പക
പ്പൂവിതളുകൾ, നല്പട്ടുനാടകൾ,
കൂർത്തകുന്തത്തലപ്പുകൾ,
വണ്ടിയേതോ തകർന്നതിൻ തുണ്ടുകൾ,
രണ്ടുമൂന്നു കാശപ്പപ്പൊതികളും!
ആ മിടുക്കന്റെ ലീലാവിരുതെഴു
മോമനക്കൈവിരൽകളിലൂടവേ,
ആ വിരൂപജഡപദാർത്ഥങ്ങളി
ലാശുപാഞ്ഞെത്തി ജീവിത സൗന്ദര്യം
തഞ്ചി നിൽപതായ്ക്കാണായവയിലും
പുഞ്ചിരിയും കരച്ചിലും കൊഞ്ചലും

(ബാലാമണിയമ്മ) (കളിക്കൊട്ട)

| | |
|---|---|
| *ജഡപദാർത്ഥങ്ങൾ* | *– ജീവനില്ലാത്ത വസ്തുക്കൾ* |
| *മച്ച്* | *– തട്ട്* |
| *ശ്രമാൽ* | *– പണിപ്പെട്ട്* |
| *ലീല* | *– കളി* |
| *വാരുറ്റ* | *– ഭംഗിയുള്ള* |
| *ആശു* | *– പെട്ടെന്ന്* |

എ) കവിതാഭാഗത്തിന് ഒരു **ആസ്വാദനം** തയാറാക്കൂ.

ബി) തന്നിട്ടുള്ളവയിൽ ബാലാമണിയമ്മയുടേത് അല്ലാത്ത കൃതി ഏത്?

(വേനൽമഴ, മഴുവിന്റെ കഥ, സോപാനം)